**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2377** **07-07-2022 - ൽ മറുപടിയ്ക്ക്**

**പെൻഷൻ ആനുകൂല്യം വിതരണം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവ്വീസ് പെൻഷൻകാർക്ക് നൽകേണ്ട രണ്ട് ഗഡു ഡി.എ അരിയർ, പെൻഷൻ റിവിഷൻ അരിയർ എന്നിവ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ കൃത്യസമയത്ത് നൽകാത്തതും പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും, അതേസമയം, കോവിഡ് ദുരിതമനുഭവിക്കുന്ന ഘട്ടത്തിൽ സാധാരണ ജനജീവിതം സാദ്ധ്യമാക്കുകയെന്ന കർത്തവ്യത്തിന്റെ ഭാഗമായുള്ള സാമൂഹ്യ ക്ഷേമ ചെലവുകൾ (ഭക്ഷ്യകിറ്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ തുടങ്ങിയവ), ആരോഗ്യരംഗത്ത് പുതുതായി സൃഷ്ടിക്കപ്പെട്ട സാമ്പത്തിക ഉത്തരവാദിത്വങ്ങൾ എന്നിവ ഏറ്റെടുക്കേണ്ടി വന്നതും സംസ്ഥാനത്ത് ഗുരുതര 'ലിക്വിഡിറ്റി' പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. എന്നാൽ ടി പ്രതിസന്ധിക്കിടയിലും ഏകദേശം 2600 കോടിയോളം വരുന്ന പെൻഷൻ പരിഷ്കരണ/ പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് ഗഡു വിതരണം ചെയ്തിരുന്നു. മേൽ പ്രതിപാദിത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലാണ് **പെൻഷൻകാർക്ക് നൽകേണ്ട രണ്ട് ഗഡു ഡി.എ അരിയർ** വിതരണം ചെയ്യുവാൻ സാധിക്കാതിരുന്നത്.<br><br>**02.12.2021 തീയതിയിലെ സ.ഉ(അച്ചടി)നം.162/2021/ധന പ്രകാരം പതിനൊന്നാം ശമ്പള പരിഷ്കരണത്തിനോടനുബന്ധിച്ചുള്ള സർക്കാർ ജീവനക്കാരുടെ പെൻഷൻ കുടിശ്ശികയുടെ (പെൻഷൻ, കുടുംബ പെൻഷൻ, ഡി.,സി.ആർ.ജി, ടെർമിനൽ സറണ്ടർ എന്നിവ) മൂന്നും നാലും ഗഡുക്കൾ യഥാക്രമം 2022-23, 2023-24 എന്നീ** |

| | | | |
|---|---|---|---|
| | | | **സാമ്പത്തിക വർഷങ്ങളിൽ വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്** |
| (ബി) | കൊറോണ വൈറസ് വ്യാപനത്തിന്റെ ഭാഗമായി ഉണ്ടായ സാമ്പത്തിക പ്രതിസന്ധി ചൂണ്ടികാട്ടി നൽകാതിരുന്ന ആനുകൂല്യം ഇനിയും നൽകാത്തത് നീതി നിഷേധമായി കരുതുന്നുണ്ടോ; | (ബി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ കൃത്യസമയത്ത് നൽകാത്തതും പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും, അതേസമയം, കോവിഡ് ദുരിതമനുഭവിക്കുന്ന ഘട്ടത്തിൽ സാധാരണ ജനജീവിതം സാദ്ധ്യമാക്കുകയെന്ന കർത്തവ്യത്തിന്റെ ഭാഗമായുള്ള സാമൂഹ്യ ക്ഷേമ ചെലവുകൾ (ഭക്ഷ്യകിറ്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ തുടങ്ങിയവ), ആരോഗ്യരംഗത്ത് പുതുതായി സൃഷ്ടിക്കപ്പെട്ട സാമ്പത്തിക ഉത്തരവാദിത്വങ്ങൾ എന്നിവ ഏറ്റെടുക്കേണ്ടി വന്നതും സംസ്ഥാനത്ത് ഗുരുതര 'ലിക്വിഡിറ്റി' പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. എന്നാൽ ടി പ്രതിസന്ധിക്കിടയിലും ഏകദേശം 2600 കോടിയോളം വരുന്ന പെൻഷൻ പരിഷ്കരണ/ പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് ഗഡു വിതരണം ചെയ്തിരുന്നു. മേൽ പ്രതിപാദിത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലാണ് **പെൻഷൻകാർക്ക് നൽകേണ്ട രണ്ട് ഗഡു ഡി.എ അരിയർ** വിതരണം ചെയ്യുവാൻ സാധിക്കാതിരുന്നത്.<br><br>**02.12.2021 തീയതിയിലെ സ.ഉ(അച്ചടി)നം.162/2021/ധന പ്രകാരം പതിനൊന്നാം ശമ്പള പരിഷ്കരണത്തിനോടനുബന്ധിച്ചുള്ള സർക്കാർ ജീവനക്കാരുടെ പെൻഷൻ കുടിശ്ശികയുടെ (പെൻഷൻ, കുടുംബ പെൻഷൻ, ഡി.,സി.ആർ.ജി, ടെർമിനൽ സറണ്ടർ എന്നിവ) മൂന്നും നാലും ഗഡുക്കൾ യഥാക്രമം 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്** |
| (സി) | സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും അനാവശ്യ ചെലവുകൾക്ക് അനുമതി നൽകുന്നതായുള്ള ആരോപണങ്ങൾ നിലനിൽക്കവെ പെൻഷൻകാരോട് കാണിക്കുന്ന അവഗണന അവസാനിപ്പിച്ച് ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ കൃത്യസമയത്ത് നൽകാത്തതും പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും, അതേസമയം, കോവിഡ് ദുരിതമനുഭവിക്കുന്ന ഘട്ടത്തിൽ |

| | | | |
|---|---|---|---|
| | | | സാധാരണ ജനജീവിതം സാദ്ധ്യമാക്കുകയെന്ന കർത്തവ്യത്തിന്റെ ഭാഗമായുള്ള സാമൂഹ്യ ക്ഷേമ ചെലവുകൾ (ഭക്ഷ്യകിറ്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ തുടങ്ങിയവ), ആരോഗ്യരംഗത്ത് പുതുതായി സൃഷ്ടിക്കപ്പെട്ട സാമ്പത്തിക ഉത്തരവാദിത്വങ്ങൾ എന്നിവ ഏറ്റെടുക്കേണ്ടി വന്നതും സംസ്ഥാനത്ത് ഗുരുതര 'ലിക്വിഡിറ്റി' പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. എന്നാൽ ടി പ്രതിസന്ധിക്കിടയിലും ഏകദേശം 2600 കോടിയോളം വരുന്ന പെൻഷൻ പരിഷ്കരണ/ പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് ഗഡു വിതരണം ചെയ്തിരുന്നു. മേൽ പ്രതിപാദിത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലാണ് പെൻഷൻകാർക്ക് നൽകേണ്ട രണ്ട് ഗഡു ഡി.എ അരിയർ വിതരണം ചെയ്യുവാൻ സാധിക്കാതിരുന്നത്.<br><br>02.12.2021 തീയതിയിലെ സ.ഉ(അച്ചടി)നം.162/2021/ധന പ്രകാരം പതിനൊന്നാം ശമ്പള പരിഷ്കരണത്തിനോടനുബന്ധിച്ചുള്ള സർക്കാർ ജീവനക്കാരുടെ പെൻഷൻ കുടിശ്ശികയുടെ (പെൻഷൻ, കുടുംബ പെൻഷൻ, ഡി.,സി.ആർ.ജി, ടെർമിനൽ സറണ്ടർ എന്നിവ) മൂന്നും നാലും ഗഡുക്കൾ യഥാക്രമം 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ